

# വല്ലപ്പാടി ദേവമാത ഇടവക

മാതൃഇടവകയായ പേരാമ്പ്ര സെന്റ് ആന്റണീസ് പള്ളിയുടെ വടക്കുകിഴക്കു ഭാഗമാണ് വല്ലപ്പാടി. കൊടകര, പേരാമ്പ്ര, കനകമല, മറ്റത്തൂർ എന്നിവിടങ്ങളിലെ ദേവാലയങ്ങളിൽ നിന്ന് ഏകദേശം രണ്ടു കിലോമീറ്റർ ദൂരമാണ് ദേവമാതാപള്ളിയിലേക്കുള്ളത്. കൊടകര സെന്ററിൽ നിന്നും 2 കിലോമീറ്റർ അകലെ, കനകമല റോഡിന്റെ വലതുഭാഗത്താണ് ഈ പള്ളി സ്ഥിതിചെയ്യുന്നത്.

## ആരംഭം

1978 ഒക്ടോബർ 15-ാം തിയ്യതി അന്നത്തെ പേരാമ്പ്ര പള്ളി വികാരിയായിരുന്ന ബഹു. ഇഗ്നേഷ്യസ് ചിറ്റിലപ്പിള്ളിയച്ചന്റെ അദ്ധ്യക്ഷതയിൽ വല്ലപ്പാടി ദേശത്തെ ക്രിസ്ത്യാനികൾ ഒരു പള്ളി പണിയുന്നതിനെക്കുറിച്ച് ആലോചിക്കാനായി ശ്രീ. മല്പാൻ ലോനപ്പൻ ദേവസ്സിയുടെ വസതിയിൽ ഒരു യോഗം ചേർന്ന് ബഹു. വികാരിയച്ചനെ രക്ഷാധികാരിയായും ശ്രീ. മല്പാൻ ചാക്കുണ്ണി ദേവസ്സിയെ കൺവീനറായും ഒരു ഏഴംഗ കമ്മിറ്റിയെ നിർമ്മാണപ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തു. ഇരിങ്ങാലക്കുട രൂപത അദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ദേവാലയ നിർമ്മാണാവശ്യത്തെക്കുറിച്ചുള്ള അപേക്ഷ അംഗീകരിച്ച് അനുവാദം നല്കി. അമ്പുസമുദായങ്ങളിൽ നിന്ന് ലഭിച്ച 4500 രൂപയാണ് പള്ളി നിർമ്മാണത്തിന്റെ ആദ്യ മൂലധനം. 1979-ൽ 85 1/4 സെന്റ് സ്ഥലം പള്ളിയ്ക്കുവേണ്ടി ബഹു. വികാരിയച്ചന്റെയും കൺവീനറുടെയും പേരിൽ തീറുവാങ്ങിച്ചു.

## ദേവാലയം

1979 മേയ് 2-ാം തിയ്യതി രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ച ദേവാലയത്തിന്റെ ആശീർവ്വാദകർമ്മവും കൂദാശാകർമ്മവും 1981 ആഗസ്റ്റ് 15-ാം തിയ്യതി പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിൽ അഭിവന്ദ്യ പിതാവുതന്നെ നടത്തി. ഗവണ്മെന്റിൽ നിന്ന് സിമിത്തേരിക്കുള്ള അനുവാദം ലഭിച്ചപ്പോൾ 15 സെന്റ് സ്ഥലം കൂടി വാങ്ങി സിമിത്തേരി പണി ആരംഭിച്ചു. 1981 മാർച്ച് 23-ന് ആദ്യ മൃതദേഹസംസ്കാരം നടത്തി.

പള്ളിയുടെ മുൻവശത്ത് പറമ്പിന് വീതി കുറവായിരുന്നതിനാൽ 28.5.1991-ൽ കിഴക്കേപറമ്പിൽ നിന്ന് 5 സെന്റ് സ്ഥലംകൂടി തീറുവാങ്ങി.

## മതബോധനമന്ദിരം

പള്ളിയകത്തായിരുന്നു ആദ്യകാലങ്ങളിൽ



വൈദിക മന്ദിരം - ഇടവക കാര്യാലയം

മതബോധനക്ലാസ്സുകൾ നടത്തിയിരുന്നത്. 1985-ൽ പള്ളിയുടെ മുൻവശത്ത് പടിഞ്ഞാറുഭാഗത്തായി രണ്ട് ക്ലാസ്സുമുറികൾ പണിതു. രണ്ട് വർഷങ്ങൾക്കുശേഷം രൂപതയിൽ നിന്ന് ലഭിച്ച ധനസഹായംകൊണ്ട് ക്ലാസ്സുമുറികളുടെ മുകളിൽ മുറികൾ പണിതു. മുകളിലെ മുറികൾ 2006 മുതൽ വൈദികമന്ദിരമായി ഉപയോഗിക്കുന്നു.

2001-ൽ പള്ളിപ്പറമ്പിന്റെ കിഴക്കു ഭാഗത്തായി മതിലിനോടുചേർന്ന് 25 സെന്റ് സ്ഥലംകൂടി വാങ്ങി. ക്രമേണ മതബോധനഹാൾ പണിയുകയും 2002 ആഗസ്റ്റ് 15-ാം തിയ്യതി ഹാളിൽവച്ച് ഊട്ടുതിരുന്നാൾ നടത്തുകയും ചെയ്തു. 2004 ഒക്ടോബറിൽ ഹാൾ കോമ്പൗണ്ടിനോട് ചേർന്ന് 25 സെന്റ് സ്ഥലംകൂടി വാങ്ങി. ഇപ്പോൾ ആകെ ഒരേക്കർ 55 ¼ സെന്റ് സ്ഥലമാണ് ഈ പള്ളിക്കുള്ളത്.

## ഇടവക

1992 ആഗസ്റ്റ് 15-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ദേവമാതാ കുരിശുപള്ളിയെ ഇടവകയായി ഉയർത്തി. പേരാമ്പ്ര പള്ളിയിലെ ബഹു. അച്ചന്മാരുടെ കീഴിലായിരുന്നു പള്ളി പ്രവർത്തനങ്ങൾ. 2000 ജനുവരി മുതൽ പള്ളി നടത്തിപ്പ് കൊടകര ഫൊറോന പള്ളിയുടെ കീഴിലായി.



മതബോധന ഹാൾ

## സ്ഥിരവാസമുള്ള വികാരി

2006 ജനുവരി 18 മുതൽ വല്ലപ്പാടി ദേവമാതാ ഇടവകയ്ക്ക് സ്വന്തമായി ഒരു വികാരിയെ ലഭിച്ചു. റവ. ഫാ. തോമസ് വെളക്കനാടനാണ് ഇപ്രകാരം നിയമിതനായത്. റവ. ഫാ. വർഗ്ഗീസ് ചാലിശ്ശേരിയാണ് ഇപ്പോഴത്തെ വികാരി.

## കോൺവെന്റ് & സ്ക്കൂൾ

ഇറ്റലിയിലെ ബൊളോഞ്ഞാ ആസ്ഥാനമായുള്ള Little Sisters of Mother of Sorrows എന്ന സന്യാസിനീസമൂഹത്തിന്റെ ഒർസോള എന്ന പേരിൽ ഒരു കോൺവെന്റ് 2005-ൽ ഈ ഇടവകയിൽ സ്ഥാപിതമായി. 2006 ജനുവരി 23-ന് പുതിയ കെട്ടിടം മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ആശീർവദിച്ചു. അതിനോടനുബന്ധിച്ച് സെന്റ് ക്ലേലിയ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പ്രവർത്തിച്ചുവരുന്നു.



സെന്റ് ക്ലേലിയ ഇംഗ്ലീഷ് സ്ക്കൂൾ



ഒർസോള കോൺവെന്റ്